**14-ാം കേരള നിയമ സഭ**

**15-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2134** 13.06.2019 **-ൽ മറുപടിയ്ക്ക്**

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഉള്ള ഹൗസ് സർജ്ജൻമാർ, പി.ജി. സ്റ്റുഡന്റ്സ് എന്നിവർക്ക് സർക്കാർ മെഡിക്കൽ കോളേജിലെ ഹൗസ് സർജ്ജൻമാർക്കും പി.ജി. സ്റ്റുഡന്റ്സിനും നൽകുന്ന അതേ തുക സ്റ്റൈപന്റായി നൽകുന്നതിന് ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജൻമാർ, പി.ജി. സ്റ്റുഡന്റ്സ് എന്നിവർക്ക് സർക്കാർ കോളേജുകളിലെ ഹൗസ് സർജൻമാർ, പി.ജി. സ്റ്റുഡന്റ്സ് എന്നിവർക്ക് അനുവദിക്കുന്ന അതേ നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് എല്ലാ സ്വാശ്രയ കോളേജുകളിലേയും പ്രിൻസിപ്പൽമാർക്ക് ആരോഗ്യ സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഈ നിരക്കിൽ സ്റ്റൈപന്റ് നൽകുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും (സി) യും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സർക്കാർ നിരക്കിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതിന് ഉറപ്പ വരുത്തുന്നതിനാവശ്യമായ റെഗുലേഷൻസ് കൊണ്ടു വരുന്നതിനുള്ള അധികാര സ്ഥാനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്. |
| (സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അർഹമായ സ്റ്റൈപന്റ് നൽകുന്നില്ല എന്ന പരാതി അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് പ്രസ്തുത തുക ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**